യുടെ കീഴിൽ ജനിച്ചു എന്നുള്ളതാണ് (ഗലാ.4:4). ഉയർന്ന നിരപ്പ് ഒന്നാമത്തെ മുകളിലോട്ടുള്ള ഇടനാഴിയെ മുപ്പത്തിമൂന്നര ഇഞ്ച് പൊക്കത്തിൽ ഖണ്ഡിക്കുന്നു എന്നത് ന്യായ പ്രമാണ ഉടമ്പടിയുടെ കീഴിൽ യേശു ഈ ഭൂമിയിൽ മുപ്പത്തിമൂന്നര വർഷക്കാലം ജീവിച്ചതിനെ കാണിക്കുന്നു.

ക്യൂൻസ് ചേംബറിലേക്കു പോകുന്ന ‘G’ എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന സമാന്തര പാത (horizontal passage) ആദാമിന്റെ വീഴ്ച മുതലുള്ള മാനവകുലത്തിന്റെ ജീവിതയാത്രയെ കാണിക്കുന്നു. ഈ പാതയുടെ 7 ൽ 6 ഭാഗവും 4 അടി പൊക്കം മാത്രമുള്ളതും ശേഷിച്ച 7-ൽ ഒരു ഭാഗം 5 അടി 8 ഇഞ്ച് പൊക്കമുള്ളതുമാണ്. 4 അടിമാത്രം പൊക്കമുള്ള ഈ ആറുഭാഗങ്ങളും പാപത്തിന്റേയും സാത്താന്റേയും കീഴിൽ മാനവകുലത്തിന് നേരിട്ട ദുരിതം നിറഞ്ഞ അനുഭവങ്ങളെ സൂചിപ്പിക്കുന്നു. എന്നാൽ 5 അടി 8” പൊക്കമുള്ള ശേഷിച്ച ഒരു ഭാഗത്തുകൂടി സാധാരണ മനുഷ്യന് കുനിയാതെ നിവർന്നുതന്നെ പോകാമെന്നുള്ളതുകൊണ്ട് ഈ ഭാഗം ക്രിസ്തുവിന്റെ സഹസ്രാബ്ദ രാജ്യത്തെക്കുറിക്കുന്നു. ഈ കാലത്തിൽ മാനവകുലം പാപത്തിന്റെയും മരണത്തിന്റെയും കീഴിൽ ആയിരിക്കുകയില്ല? - അവൻ നിങ്ങൾക്ക് മുൻ നിയമിക്കപ്പെട്ട ക്രിസ്തുവായ യേശുവിനെ അയയ്ക്കുകയും ചെയ്യും. ദൈവം ലോകാരംഭം മുതൽ തന്റെ വിശുദ്ധ പ്രവാചകന്മാർ മുഖാന്തരം അരുളിച്ചെയ്തതൊക്കെയും യഥാസ്ഥാനത്താകുന്ന (പൂർവ്വാവസ്ഥയിലാകുന്ന) കാലം വരുവോളം സ്വർഗ്ഗം അവനെ കൈക്കൊള്ളേണ്ടതാകുന്നു (അപ്പൊ.3:20,21).

വായു സഞ്ചാരമുള്ള മാർഗ്ഗങ്ങളോടുകൂടിയ ക്യൂൻസ് ചെയ്മ്പർ (‘F’) യഥാസ്ഥാനപ്പെട്ട മാനവകുലത്തിന്റെ ഒടുവിലത്തെ അവസ്ഥയെ കാണിക്കുന്നു. അതായത് പൂർണ്ണമനുഷ്യത്വത്തോടുകൂടെ പൂർണ്ണത നിറഞ്ഞ ഭൂമിയിലുള്ള നിത്യജീവൻ തന്നെ. സൗമ്യതയുള്ളവർ ഭൂമിയെ കൈവശമാക്കും.... അവർ അതിൽ നിത്യമായി വസിക്കും (സങ്കീ.37:11,22,29,34; സഭാ. 1:4; യെശ.45:18; ദാനി. 2:35,44; 7:13,14,18,27).

‘J’എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന കിണറുപോലുള്ള തുരങ്കപാത (വിമോചനത്തിന്റെ പാത - Well Shaft) ആണ് പിരമിഡിന്റെ താക്കോൽ. അതായത് എപ്രകാരമാണോ ആദാമിനും മാനവകുലം മുഴുവനും വേണ്ടിയുള്ള യേശുവിന്റെ മറുവിലയാഗം തിരുവെഴുത്തുകളുടേയും ദൈവത്തിന്റെ മഹാരക്ഷാകര പദ്ധതിയുടേയും താക്കോൽ ആയിരിക്കുന്നത് അപ്രകാരം‘J’എന്ന കിണർ പിരമിഡിന്റെ താക്കോലാണ്. ഇതിന്റെ മുകൾഭാഗം യേശുവിന്റെ ഉയർത്തെഴുന്നേല്പിനെ സൂചിപ്പിക്കുന്നു (1 തിമൊ. 2:4-6; 4:10; എബ്രാ. 2:9; സങ്കീ. 16:10,11; അപ്പൊ. 2:31-33; 3:26; 5:30,31; 1 കൊരി. 15:3,20,45; 1 തെസ്സ. 4:14).

‘J’എന്ന കിണർ പോലുള്ള തുരങ്കപാതയിൽ ‘K’എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന പ്രകൃതിദത്തമായ സ്വാഭാവികമായ ഗഹ്വരം (grotto), യേശു മരണത്തിന്റെ (ശവക്കുഴിയുടെ) പാശങ്ങളെ മൂന്നാം നാൾ തകർത്തെറിഞ്ഞതിനെ സൂചിപ്പിക്കുന്നു. അങ്ങനെ ആദാമിനും അവന്റെ വംശം മുഴുവനും പാപം മൂലമുണ്ടായ ശാപത്തിൽ നിന്നും രോഗത്തിൽ നിന്നും മരണത്തിൽ നിന്നുമുള്ള വിടുതലിനായി കൊടുക്കപ്പെട്ട മറുവിലയാഗം മുഖേന അവർക്ക് നിത്യജീവൻ സ്വായത്തമാക്കുവാൻ സമ്പൂർണ്ണമായ അവസരം നൽകപ്പെടുകയും ചെയ്യപ്പെടുന്നു (റോമ. 4:24,25; 5:12-21; 8:19-22; യെശ. 25:6-9; 35; വെളി. 22:3).

അങ്ങനെ പിരമിഡിന്റെ ഉയർന്ന തലത്തിലുള്ള അറകളിൽ (C, F എന്നീ അറകളിൽ ) കടക്കുവാൻ ഗ്രാനൈറ്റ് പ്ലഗ് (I എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന ഭാഗം ന്യായപ്രമാണം) തടസ്സമായി നിൽക്കുന്നു. ആയതിനാൽ L എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന താഴോട്ടുള്ള ഇടനാഴിയിൽ (നാശത്തിലേക്കുള്ള വിശാലമായ വഴി) കഴിയുന്ന മനുഷ്യന് നിത്യജീവൻ പ്രാപിക്കുവാനോ (‘F’ എന്ന ക്യൂൻസ് ചെയ്മ്പറിൽ എത്തുവാനോ) അല്ലെങ്കിൽ അമർത്യത നേടുവാനോ (‘C’ എന്ന കിംഗ്സ് ചെയ്ബറിൽ എത്തുവാനോ) ഉള്ള ഒരേഒരു മാർഗ്ഗം യേശുവാണ് (‘J’ എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന കിണർ പോലുള്ള തുരങ്കപാത). ഞാൻ തന്നെ വഴിയും സത്യവും, ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുകയില്ല”(യോഹ.14:6; അപ്പൊ. 4:12; ഗലാ. 2:16).

പിരമിഡ് അതിന്റെ നാശത്തിനായി ഉണ്ടാക്കിയ എല്ലാ കൊടുങ്കാറ്റുകളേയും ശക്തിയേയും ആക്രമണകാരികളേയും അതിജീവിച്ച് ഇപ്പോഴും നിലനിൽക്കുന്നു. അങ്ങനെ ദൈവത്തിന്റെ മഹാപദ്ധതികളുടെ രൂപരേഖ കഴിഞ്ഞ 4,000 വർഷങ്ങളായിട്ട് അത് തക്ക സമയത്ത് സാക്ഷ്യത്തിനായി വെളിപ്പെടേണ്ടതിന്, രഹസ്യമാക്കപ്പെട്ടിരിക്കുന്നു. മുൻകാലങ്ങളിൽ മറഞ്ഞു കിടന്നതും എന്നാൽ ഇപ്പോൾ വെളിപ്പെടുന്നതുമായ വേദസാക്ഷ്യങ്ങളെ തെളിയിച്ചുകൊണ്ട് പിരമിഡ് നിലനിൽക്കുന്നു. ഈ രൂപരേഖ പഴയവ്യവസ്ഥിതിയെ “വിസ്മൃതി (ഇല്ലായ്മ)യായ കുഴിയിൽ” തകർത്തു കളയുന്നതിനെ കൃത്യമായി സൂചിപ്പിക്കുന്നു. കൂടാതെ മഹത്വമേറിയ പുതിയ വ്യവസ്ഥിതി ദൈവത്തിന്റെ നിത്യ ഭവനത്തിന്റെ പ്രധാനമൂലക്കല്ലായ യേശുക്രിസ്തുവിന്റെ കീഴിൽ ദൈവത്തിന്റെ മഹത്വമുള്ള സ്വഭാവങ്ങൾക്കനുയോജ്യമായ വിധത്തിൽ നിത്യജീവന് യോഗ്യതയുള്ളവരെല്ലാം പണിയപ്പെടുമെന്നുള്ളതും ഈ സാക്ഷ്യത്തിലൂടെ വ്യക്തമായി സൂചിപ്പിക്കുന്നു.

ദൈവത്തോടുള്ള : “നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ” (മത്താ. 6:10) എന്ന പ്രാർത്ഥനയ്ക്ക് താമസം വിനാ ഉത്തരം ലഭിക്കും എന്ന് നിങ്ങൾക്കറിയാമോ.

ഭൂമിയിൽ നിത്യമായി അധികാരത്തിൽ വരാൻപോകുന്ന ക്രിസ്തുവിന്റെ നീതിയുള്ള ഭരണത്തെയും യഥാസ്ഥാപനവേലയേയും സംബന്ധിച്ചുള്ള വേദസത്യങ്ങളുടെ കൂടുതൽ പഠനത്തിലേക്കും ബൈബിൾ പഠനത്തിനാവശ്യമായ ലഘുലേഖകൾ, പുസ്തകങ്ങൾ, ബൈബിൾ സ്റ്റാൻഡാർഡ് മാസിക മുതലായവയ്ക്കും താഴെ കാണുന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക.

Courtesy by: **BIBLE STANDARD MINISTRIES - LHMM**
1156 St. Matthews Road, Chester Springs, PA, 19425-2700, USA.


| For English | For Malayalam |
| --- | --- |
| Bro. V. Vincent Jeyakumar<br>Representative of India<br>Bible Standard Ministries - LHMM<br>32-D, Dr. Solomon Complex<br>Near Railway Gate, Nazareth<br>Tamil Nadu, India - 628 617<br>Cell : 9894926629<br>Email:vincent.v31@gmail.com | Bro. Abraham Mathew<br>Bible Standard Ministries - LHMM<br>Kakkamparampil<br>Vakathanam. P.O<br>Kottayam Dist, Kerala<br>India - 686 538<br>Cell: 9847553988<br>Email : enjoymathew@gmail.com |


Visit us at: **www.biblestandardindia.com** (For private circulation only)

# മഹാ പിരമിഡ്

## THE GREAT PYRAMID



*“അന്നാളിൽ മിസ്രയീം ദേശത്തിന്റെ നടുവിൽ യഹോവയ്ക്ക് ഒരു യാഗപീഠവും അതിന്റെ അതിർത്തിയിൽ യഹോവയ്ക്ക് ഒരു തൂണും ഉണ്ടായിരിക്കും. അതു മിസ്രയീംദേശത്തു സൈന്യങ്ങളുടെ യഹോവയ്ക്കു ഒരു അടയാളവും ഒരു സാക്ഷ്യവും ആയിരിക്കും” (യെശ. 19:19,20).*

**നിങ്ങൾക്കറിയാമോ:** ലോകത്തിലെ ഏഴു അതിശയങ്ങളിൽ ഒന്നാമത്തേതും അവശേഷിക്കുന്നതും പുരാവസ്തു ഗവേഷകരേയും ശാസ്ത്ര ചിന്തകരേയും നൂറ്റാണ്ടുകളായി അമ്പരപ്പിക്കുകയും ചെയ്ത ഒന്നാണ് ഈജിപ്തിലെ ഗിസ്സയിലെ മഹാ പിരമിഡ്.

പൊതുവെ കരുതപ്പെടുന്നതുപോലെ അത് ഒരിക്കലും ഒരു ശവക്കല്ലറ ആയിരുന്നില്ല. എന്തുകൊണ്ടെന്നാൽ ഇതിൽ ഏതെങ്കിലും കേടാകാതെ സൂക്ഷിച്ച ശവശരീരങ്ങളോ ഈജിപ്തുകാർ ശവത്തോടുകൂടി സാധാരണയായി വയ്ക്കാറുള്ള ഏതെങ്കിലും വസ്തുക്കളോ ഗുപ്തനിധികളോ കണ്ടില്ല. കൂടാതെ സാധാരണ ശവക്കല്ലറകൾ വായു കയറാത്തവിധം അടയ്ക്കുമായിരുന്നു. എന്നാൽ മഹാപിരമിഡിന് ശുദ്ധവായു സഞ്ചാരമുള്ളതും പുറത്തേക്കു തുറക്കുന്നതുമായ നാലുവാതായനങ്ങൾ (B) ഉണ്ട് (ചിത്രം 2 കാണുക).

13 ഏക്കർ സ്ഥലത്തായി പണിയപ്പെട്ടിരിക്കുന്ന മഹാപിരമിഡിൽ 2 ടൺ മുതൽ 70 ടൺ വരെ ഭാരമുള്ള 25 ലക്ഷം കല്ലുകൾ ഉണ്ട്. ഈ കല്ലുകൾ ഒരു ഇഞ്ചിന്റെ (inch) 50 ൽ ഒന്ന് ഭാഗത്തിന് പോലും കൃത്യതയോടെ ചേർത്തുവച്ച് പണിയപ്പെട്ടിരിക്കുന്നു. ഇത്രയും കല്ലുകൾകൊണ്ട് 4 അടി ഉയരത്തിൽ 1 അടി ഘനത്തിൽ ഏതാണ്ട്4400 മൈൽ (7060 k.m) നീളത്തിൽ ഒരു മതിൽ പണിയുവാൻ സാധിക്കും?

ഇന്ന് ലഭ്യമായിരിക്കുന്ന എല്ലാവിധ ആധുനിക ശാസ്ത്ര ബുദ്ധികളാലോ യന്ത്ര

സാമഗ്രികളാലോ ഇത്തരമൊരു പിരമിഡ് പുനർസൃഷ്ടിക്കുക അസാധ്യമാണ്?

ഭൂതലത്തിന്റെ കൃത്യകേന്ദ്ര ബിന്ദുവിലാണ് ഇത് സ്ഥാപിച്ചിരിക്കുന്നത്. കൊളമ്പസ് അമേരിക്ക കണ്ടുപിടിക്കുന്നതിന് 3000 വർഷങ്ങൾക്ക് മുമ്പ്തന്നെ ഇത് നിർമ്മിച്ചവൻ ഭൂമിയുടെ ഉപരിതലത്തിന്റെ മദ്ധ്യബിന്ദു കണക്കുകൂട്ടി കണ്ടുപിടിച്ച് ഇതു സ്ഥാപിച്ചു.

ഏതാണ്ട് 4000 വർഷങ്ങൾക്കു മുമ്പ് നിർമ്മിക്കപ്പെട്ടതാണെങ്കിലും മഹാപിരമിഡിന്റെ അളവുകൾ ഭൂമിയുടെ ചുറ്റളവ്, ഭൂമദ്ധ്യരേഖയിൽ നിന്ന് രണ്ട് ധ്രുവങ്ങളിലേക്കുമുള്ള ദൂരം, ഭൂമിയിൽ നിന്ന് സൂര്യനിലേക്കുള്ള ദൂരം, സൗരവർഷത്തിന്റെ ദൈർഘ്യം, സ്വന്തം അച്ചുതണ്ടിൽ ഒരു പ്രാവശ്യം കറങ്ങുന്നതിനുള്ള ദൈർഘ്യം - അതായത് $\pi$ (pie) എന്നതിന്റെ മൂല്യം തുടങ്ങി അനേക കാര്യങ്ങൾ സംബന്ധിച്ച് കൃത്യമായ സൂചനകൾ 19-ാം നൂറ്റാണ്ടിൽ അവ കണ്ടുപിടിക്കപ്പെടുന്നതിന് മുമ്പായി തന്നെ നൽകപ്പെട്ടിരിക്കുന്നു.

മഹാപിരമിഡിന്റെ ഘടന അതിശയകരമായി ഇപ്പോഴും നിലനിന്നുവരുന്നതിനാലും അതിന്റെ കൂർമയേറിയ അഗ്രങ്ങൾ തുടങ്ങിയവ മൂലമായും അതിന് പൈശാചികമായ ഉദ്ഭവവും ശക്തിയുമുണ്ടെന്ന് അനേകരും തെറ്റായി ധരിച്ചിരിക്കുന്നു.


ഈജിപ്തിലെ മറ്റു മുപ്പത്തിയേഴു പിരമിഡുകളും മഹാപിരമിഡിന്റെ വെറും അനുകരണങ്ങളായി പണിയപ്പെട്ടു. അവയ്ക്കു തുച്ഛമായ ശാസ്ത്രീയ മൂല്യം മാത്രമേ ഉള്ളു. അവയെല്ലാം പല ഫറവോമാരുടേയും ശവകുടീരങ്ങളാണ്.

ഈ മഹാപിരമിഡ് ഒരു സാക്ഷ്യമായിരിക്കുന്നത് അതിലെ ചിത്രവരകളോ അവ്യക്തമായ എഴുത്തുകളോ കൊണ്ടല്ല. മറിച്ച് അതിന്റെ സ്ഥാനം, നിർമ്മാണരീതി,കൃത്യമായ അളവുകൾ ഇവ മൂലമാണ്.

അത് ഒരു പ്രതീകാത്മകമായ (യാഗം നടത്താത്ത) യാഗപീഠമായിരുന്നു. ബൈബിളിനേയും, ദൈവിക നിർണ്ണയങ്ങളേയും ഉറപ്പിക്കുന്ന ഒരു സാക്ഷ്യമായി, ചരിത്രപരവും ദാർശനീകവും, ശാസ്ത്രീയവുമായ സത്യങ്ങളുടെ ഒരു കലവറയാണത്?

മഹാപിരമിഡിനെപ്പറ്റി അനേകതവണ ബൈബിളിൽ പരാമർശിക്കുന്നുണ്ട്. (ഇയ്യോ. 38:4-6; സങ്കീ. 118:22,23; യെശ. 8:14; 19:19-22; 28:16; യിരെ. 32:20; സെഖ. 4:7; മത്താ. 21:42,44; മർക്കൊ. 12:10,11; അപ്പൊ. 4:10-12; റോമ. 9:33; എഫെ. 2:20-22; 1 പത്രൊ. 2:4-8).

ഇയ്യോ. 38:5-7 വരെ ഇപ്രകാരം സൂചിപ്പിക്കുന്നു: അതിന് അളവുനൂൽ പിടിച്ചവനാര്? (ഒരു പിരമിഡ് ഇഞ്ച് എന്നത് ബൈബിൾ കാലഗണനയിലെ ഒരു വർഷത്തെ സൂചിപ്പിക്കുന്നു).




ചിത്രം 2

മറ്റു പിരമിഡുകളിൽ നിന്ന് വ്യത്യസ്തമായി മഹാപിരമിഡിനു മാത്രമേ നാല് അടിസ്ഥാന കല്ലുകൾ ഉള്ളൂ. ഇവ നാലും ദൈവത്തിന്റെ മഹാജ്ഞാനത്തേയും, നീതിയേയും സ്നേഹത്തേയും കൂടാതെ ശക്തിയേയും സൂചിപ്പിക്കുന്നു. വേദത്തിലൂടെ വെളിപ്പെടുത്തിയിരിക്കുന്ന ദൈവത്തിന്റെ മഹത്തായ യുഗങ്ങളുടെ നിർണ്ണയങ്ങളെല്ലാം ഈ നാലു ഗുണങ്ങളെയാണ് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് (യാക്കോ. 3:17; സങ്കീ. 89:14; 1 യോഹ. 4:8; റോമ. 9:22).

മറ്റു പിരമിഡുകളിൽ നിന്ന് വ്യത്യസ്തമായി മഹാ പിരമിഡിനു മാത്രമേ ഒരു പ്രധാന മൂലക്കല്ല് ഉള്ളൂ. പിരമിഡിന്റെ ആകൃതിയിലുള്ള ഈ കല്ലാണ് അതിന്റെ മൂലക്കല്ല്. ഇതുതന്നെ ഒരു പൂർണ്ണ പിരമിഡാണ് (ചിത്രത്തിന്റെ 'A' എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന ഭാഗം കാണുക). ഈ പ്രധാനമൂലക്കല്ല് ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നു. യേശു അവരോട് ഇപ്രകാരം പറഞ്ഞു. വീടുപണിയുന്നവർ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു. ഇതു യഹോവയാൽ സംഭവിച്ചു. നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യമായിരിക്കുന്നു (മത്താ. 21:42; സങ്കീ. 118:22,23)?

പിരമിഡിന്റെ പ്രധാനമൂലക്കല്ലായ തൊപ്പിക്കല്ലിനു കീഴിൽ പണിയപ്പെടുന്നവയെല്ലാം പ്രധാന മൂലക്കല്ലിന്റെ കോണുകൾക്കും അളവുകൾക്കും ആനുപാതികമായി അതിനോടു ചേർന്നിരിക്കുന്നു. അതുപോലെ എല്ലാറ്റിനേയും (ക്രിസ്തുവെന്ന തലയുടെ കീഴിൽ ) ദൈവം ക്രിസ്തുവിൽ ഒന്നായിച്ചേർക്കുന്നു. അതായത് തന്റെ സ്വഭാവത്തിനും നീതിനിയമങ്ങൾക്കും യുക്തമായി ചേരുന്ന വിധത്തിൽ എല്ലാറ്റിനേയും ദൈവം ക്രിസ്തുവിൽ ഒന്നായി ച്ചേർക്കുന്നു (എഫെ.1:10; 2:20-22; കൊലൊ. 1:20; റോമ. 8:29;12:2).

ഭൂമിക്കടിയിലുള്ള അറയിലേക്ക് അല്ലെങ്കിൽ ഗർത്തത്തിലേക്ക് ചെന്നെത്തുന്ന താഴോട്ടുള്ള ഇടനാഴി (L) (descending passage) ആദാമിന്റെ വീഴ്ചമുതൽ സാത്താന്റെ നിയന്ത്രണത്തിൻ കീഴിൽ മരണത്തിൽകൂടി, നാശത്തിലേക്കുള്ള വിശാലമായ വഴിയിൽക്കൂടി മനുഷ്യൻ അധപതനത്തിലേക്കു പോകുന്നതിനെ കൃത്യമായി സൂചിപ്പിക്കുന്നു (മത്താ.7:13; റോമ.5:12; 6:23; 2 കൊരി. 4:4;. 2 പത്രൊ. 2:7).

(M) എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന കുഴി അല്ലെങ്കിൽ ഗർത്തം അതിന്റെ നിർമാണത്തിലെ പ്രത്യേകതകൊണ്ടും അത് സ്ഥിതിചെയ്യുന്ന സ്ഥാനത്തിന്റെ പ്രത്യേകതകൊണ്ടും മഹാകഷ്ടകാലത്തേയും , നാശത്തേയും അതായത് പാപത്തിന്റെ ശമ്പളമായ മരണത്തേയും ചിത്രപ്പെടുത്തുന്നു. (ദാനി. 12:1; മത്താ. 24:21,22; സങ്കീ. 37:9,10; അപ്പൊ. 3:23; റോമ. 6:23).

(H) എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന മുകളിലേക്കുള്ള ഒന്നാമത്തെ ഇടനാഴി (Ist Ascending passage) യഹൂദയുഗത്തെ അല്ലെങ്കിൽ ന്യായപ്രമാണ വ്യവസ്ഥാകാലത്തെ കുറിക്കുന്നു. "ഭൂമിയിലെ സകലവംശങ്ങളിലും വെച്ച് ഞാൻ നിങ്ങളെ മാത്രം - (യഹൂദ ജനതയെമാത്രം) തിരഞ്ഞെടുത്തിരിക്കുന്നു" (ആമോ. 3:2).

4 അടിമാത്രം പൊക്കമുള്ള (H) എന്ന മുകളിലോട്ടുള്ള ഇടനാഴിയിൽകൂടി കടന്നുപോകണമെങ്കിൽ കുനിഞ്ഞുപോകണം എന്നുള്ളത് 613 വ്യവസ്ഥകൾ ഉള്ള ന്യായപ്രമാണ നിയമ ഉടമ്പടി മൂലം യഹൂദ ജനത ഭാരത്തിൻ കീഴിൽ ആയിരുന്നെന്ന് കാണിക്കുന്നു (റോമ.11:9,10; ഗലാ. 5:1; കൊലൊ. 2:14).

മഹാ പിരമിഡ് പണിയുവാൻ പ്രധാനമായി ഉപയോഗിക്കപ്പെട്ടിരുന്ന ചുണ്ണാമ്പുകല്ലും ചിലഭാഗം പണിയുവാൻ ഉപയോഗിച്ചിരുന്ന കരിങ്കല്ലും ദിവ്യപ്രകൃതിയേയും ദൈവീക ഇഷ്ടങ്ങളേയും പ്രതിനിധാനം ചെയ്യുന്നു.

'I' എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന ഗ്രാനൈറ്റു പ്ലഗ് യിസ്രായേലിന് കൊടുക്കപ്പെട്ട ദിവ്യ നിയമത്തെ (ന്യായപ്രമാണത്തെ) കുറിക്കുന്നു. ഒരു മനുഷ്യന്റെ കഴിവിനെ അളക്കുവാനുള്ള തോതായി അത് നിലനിന്നു. എന്നാൽ വീഴ്ച ഭവിച്ച മനുഷ്യന് ആ നിയമം പാലിക്കുവാനോ പ്രവൃത്തി നിമിത്തം നിത്യജീവൻ സ്വായത്തമാക്കുവാനോ സാധിക്കുകയുമില്ല (റോമ. 3:20).

ഗ്രാൻഡ് ഗാലറി (E) ഒന്നാമത്തെ മുകളിലോട്ടുള്ള ഇടനാഴിയേക്കാൾ (H) 7 മടങ്ങ് പൊക്കം കൂടിയതാണ്. ഇത് സുവിശേഷയുഗത്തിലെ ഇടുങ്ങിയവഴിയായ 'പരമവിളിയെ' സൂചിപ്പിക്കുന്നു. അതോടുകൂടിത്തന്നെ ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ച് അവിടുത്തെ ശിഷ്യന്മാരായി തീരുന്നവർക്ക് ലഭിക്കുന്ന മഹത്തായ സ്വാതന്ത്ര്യത്തേയും മഹത്തായ പ്രത്യാശയേയും അതു സൂചിപ്പിക്കുന്നു (മത്താ. 7:14; ഫിലി. 3:14; 2 കൊരി. 6:2).

ഗ്രാന്റ് ഗാലറിയുടെ മുകളിലത്തെ അറ്റം ഒരു ഉപശാലയിലേക്കു (Antechamber) തുറക്കുന്നു ('D' എന്ന് അടയാളപ്പെടുത്തിയ ഭാഗം കാണുക). ഈ ഉപശാല ഒരു കരിങ്കൽ പാളികൊണ്ട് വിഭജിക്കപ്പെട്ടിരുന്നതിനാൽ അതിലൂടെ കുനിഞ്ഞുമാത്രമേ ആർക്കും കടന്നുപോകുവാൻ സാധിക്കുകയുള്ളൂ. ഇപ്രകാരം കുനിഞ്ഞുപോകേണ്ടിവരുന്നത് ക്രിസ്തുവിന്റെ പള്ളിക്കൂടത്തിൽ ഓരോ ക്രിസ്ത്യാനിയും ദൈവത്തിന്റെ ഇഷ്ടങ്ങൾക്ക് തന്നെത്തന്നെ സമർപ്പിക്കുന്നതിനെ സൂചിപ്പിക്കുന്നു (സങ്കീ.40:8; എബ്രാ.10:7; എഫെ.6:6; 1 തെസ്സ.4:3; 1 യോഹ. 2:17).

ആ ഉപശാലക്കപ്പുറം തറയും മേൽത്തട്ടും കരിങ്കല്ലുകൊണ്ടുതന്നെ നിർമ്മിച്ചതാണ്. ഇത് ദിവ്യപ്രകൃതിക്ക് കൂട്ടവകാശികളായ പുതിയസൃഷ്ടികൾക്ക് ദൈവത്തിന്റെ മുമ്പിലുള്ള പദവിയേയും, സംരക്ഷണത്തേയും സൂചിപ്പിക്കുന്നു (സങ്കീ.91:1; റോമ. 8:1; 2 കൊരി. 5:17; 2 പത്രൊ. 1:4).

'D'എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന ഉപശാലയിൽ നിന്ന് 'C'എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന (Antechamber) കിങ്സ് ചേംബറിലേക്ക് (രാജമന്ദിരം) കടക്കുവാൻ ഒരുവന് വീണ്ടും കുനിഞ്ഞുതന്നെപ്പോകണം. ഇത് ഒരുവന്റെ മനുഷ്യശരീരത്തിന്റെ മരണത്തേയും ആദ്യപുനരുദ്ധാനത്തിലൂടെ പുതിയസൃഷ്ടി സ്വർഗ്ഗീയതലത്തിലേക്ക്, ദിവ്യപ്രകൃതിയിലേക്ക്, പ്രവേശിക്കുന്നതിനേയും കുറിക്കുന്നു (1 കോരി.15:40-46, 48-54; എബ്രാ. 10:19,20).

'C' എന്ന് അടയാളപ്പെടുത്തിയിരിക്കുന്നതും കിങ്സ് ചേംബർ (രാജമന്ദിരം) എന്നറിയപ്പെടുന്നതുമായ പിരമിഡിലെ ഏറ്റവും ശ്രേഷ്ഠവും ഉന്നതവുമായ മുറിമുഴുവനും കരിങ്കല്ലുകൊണ്ട് നിർമ്മിച്ചതാണ്. ഇത് സൂചിപ്പിക്കുന്നത് ക്രിസ്തുവിന്റെ കൂട്ടവകാശത്തിലേക്ക് വിളിക്കപ്പെട്ടതും തിരഞ്ഞെടുക്കപ്പെട്ടതുമായ വിജയശ്രീ ലാളിതരായ ചെറിയാട്ടിൻ കൂട്ടത്തിന്റെ ദിവ്യപ്രകൃതിയേ സൂചിപ്പിക്കുന്നു (ലൂക്കൊ.12:32; 2കൊരി. 5:1; 2 പത്രൊ 1:4; 1 യോഹ. 3.2; വെളി.17:14).

കിങ്സ് ചേംബറിന്റെ ഉള്ളിൽ ആകെയുള്ളത് കരിങ്കല്ലുകൊണ്ടു നിർമ്മിച്ച ഒരു പെട്ടി മാത്രം, ഇത് ക്രിസ്തുവിലുള്ള ദൈവത്തിന്റെ അനന്തമായ ഉദ്ദേശങ്ങളെക്കുറിക്കുന്നു. അതിനു മൂടിയില്ലാത്ത അവസ്ഥ ക്രിസ്തുവിന്റെ ബലി ദൈവം സ്വീകരിച്ചിരിക്കുന്നു എന്നതിനേയും ക്രിസ്തുവിന്റെ പുനരുത്ഥാനത്തേയും കാണിക്കുന്നു (അപ്പൊ. 2:24, 30-36).

'F'എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന മുറിക്ക് ക്യൂൻസ് ചേംബർ (രാജ്ഞീമന്ദിരം) എന്നു പറയുന്നു. ഇതിന്റെ തറ നിരപ്പിനെ മാനുഷീക പൂർണ്ണതയായി ചിത്രീകരിച്ചിരിക്കുന്നു. തറനിരപ്പ് അൽപ്പം ഉയർന്നതും ഒന്നാമത്തെ മുകളിലോട്ടുള്ള ഇടനാഴിയെ കൃത്യം മുപ്പത്തിമൂന്നര ഇഞ്ച് (33½ inches) പൊക്കത്തിൽ ഖണ്ഡിക്കയും ചെയ്യുന്നു. ഈ ഉയർന്ന തറനിരപ്പ് കാണിക്കുന്നത് യേശു ന്യായപ്രമാണ ഉടമ്പടി